## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

## കോഓർഡിനേഷൻ സമിതി

**14.05.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു.ഗ്രാമവികസനവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രിയും നഗരകാര്യവകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.04.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2013-14 വാർഷിക പദ്ധതികളുടെ രൂപീകരണവും അംഗീകാരവും കഴിഞ്ഞ കോഓർഡിനേഷൻ കമ്മിറ്റിയോഗത്തിനു ശേഷമുള്ള കാലയളവിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ലെന്ന് യോഗം വിലയിരുത്തി. ഇന്നു നടക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗത്തിൽ ഇതു സംബന്ധിച്ച് വ്യക്തമായ തീരുമാനം ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു.

2.2 എൻ.ആർ.ഇ.ജി.എസ്സ് ന് തുക നൽകുന്നതിനുവേണ്ടി മെയിന്റനൻസ് പ്രോജക്ടുകളിൽ നിന്ന് തുക മാറ്റിയപ്പോൾ അത്തരം പ്രോജക്ടുകൾ സീറോ ബാലൻസ് പ്രോജക്ടുകളായി മാറിയിട്ടുണ്ട്. അത്തരം പ്രോജക്ടുകൾ സ്പിൽഓവർ പ്രോജക്ടുകളായി ക്യാരിഓവർ ചെയ്യാൻ സോഫ്ട് വെയറിൽ സൗകര്യം ചെയ്യുന്നതിന് ഐ.കെ.എം.ന് നിർദ്ദേശം നൽകി തീരുമാനിച്ചു.

2.3 നിർബന്ധിത വകയിരുത്തൽ വേണ്ടി വരുന്ന സെക്ടറുകളിൽ നിന്നും ജി.ഒ പ്രോജക്ടുകൾക്ക് തുക വകമാറ്റിയതിനാൽ വാലിഡേഷൻ കിട്ടാത്ത സ്ഥിതിയുണ്ട്. 2014-15-ൽ ഇവയ്ക്ക് പരിഹാര വകയിരുത്തലുകൾ നടത്തണമെന്ന വ്യവസ്ഥയിൽ 2013-14-ൽ വാലിഡേഷന് ഇളവു നൽകാൻ തീരുമാനിച്ചു

2.4 2014-15-ലെ പദ്ധതികൾ അംഗീകാരത്തിന് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നത് വരെ ഓപ്പണിംഗ് ബാലൻസ് കറക്ഷന് അനുവാദം നൽകി. ട്രഷറി ബാലൻസുമായി സാംഖ്യയിലെയും സുലേഖയിലെയും ഒ.ബി. പൊരുത്തപ്പെടുത്തേണ്ടതാണെന്നും ഇതിനുവേണ്ട സൗകര്യം ഐ.കെ.എം നൽകണമെന്നും തീരുമാനിച്ചു.

2.5 2015-16 വാർഷിക പദ്ധതികളുടെ രൂപീകരണവും അംഗീകാരവും 2015 മാർച്ചിന് മുൻപ് പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു. കില ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ, എസ്.ആർ.ജി. അംഗം എന്നിവരടങ്ങുന്ന പ്ലാൻ റിവ്യൂ കമ്മിറ്റി യോഗം ചേർന്ന് ഇതിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

2.6 ഗ്രാമപഞ്ചായത്തുകളിലെ എസ്.സി.പി./റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരെ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറിമാർ ഇല്ലാത്ത പഞ്ചായത്തുകളിൽ വി.ഇ.ഒ മാർ നിർവഹണ ഉദ്യോഗസ്ഥരായി തുടരുന്നതാണ്. 2014-15-ലെ സ്പിൽഓവർ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരായി നിലവുള്ള വി.ഇ.ഒ മാർ

തുടരുന്നതാണെന്നും തീരുമാനിച്ചു. 31.03.2014–ന് മുമ്പ് 2014–15–ലെ എസ്.സി.പി. പ്രോജക്ടുകൾ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അവ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഭേദഗതി ചെയ്യേണ്ടതാണ്.

**2.7** സംസ്ഥാനത്തെ അംഗനവാടികളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാനും മെച്ചപ്പെടുത്താനും ആവശ്യമായി പ്രൈമറി സ്ക്കൂളുകളോടൊപ്പം പ്രീ സ്ക്കൂളുകളായി നടത്തുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**2.8** ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ചും പ്രവർത്തനം നിരീക്ഷിക്കുന്ന തിനുമായി കില ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർപോർമൻസ് ഓഡിറ്റ് ഓഫീസർ, പ്ലാനിംഗ് ബോർഡ് അംഗം, എസ്.ആർ.ജി.അംഗം എന്നിവരടങ്ങുന്ന സമിതിയെ നിശ്ചയിച്ച് തീരുമാനിച്ചു.

**2.9** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്ന തിനുള്ള അവസാന തീയതി 2014 മെയ് 31 വരെയായി നിശ്ചയിച്ചു തീരുമാനിച്ചു.

**2.10** പൊതു മരാമത്ത് പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും ബില്ലുകൾ തയ്യാറാക്കുന്നതിലും കാലതാമസം ഉണ്ടെന്ന് വ്യാപകമായ പരാതി ഉണ്ടായിരിക്കു ന്നതിനാൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, എഞ്ചിനീയർമാരുടെ ജില്ലാതല അടിയന്തിരയോഗം വിളിച്ചു ചേർത്ത് അവലോകനം നടത്തുന്നതിനും കോഓർഡിനേഷൻ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**(ഫയൽ നം.23893/എഫ്.എം.2/2014/തസ്വഭവ)**

ഹോംകോ, മെഡിക്കൽ സർവീസ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് ഔഷധങ്ങൾ വാങ്ങുമ്പോൾ ഇൻവോയിസ് പ്രകാരം മുൻകൂറായി പണം നൽകാൻ 2013–14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് ഉത്തരവുണ്ടായിട്ടും പണം ട്രഷറിയിൽ നിന്നും ലഭിക്കാത്ത സാഹചര്യത്തിൽ ട്രഷറി ഡയറക്ടറെക്കൂടി പങ്കെടുപ്പിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കാവിലുംപാറ ഗ്രാമപഞ്ചായത്ത്

മലബാർ ക്യാൻസർ സൊസൈറ്റിയുമായി സഹകരിച്ചു നടത്താനുദ്ദേശിച്ച ബോധവൽക്കരണ പരിപാടിക്ക് അനുവാദം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കാരോട് ഗ്രാമപഞ്ചായത്തിൽ സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്

**(ഫയൽ നം.80074/ എ.എ3/2013/തസ്വഭവ)**

2011–12 മുതൽ 3 വർഷം നടപ്പാക്കിയ ചിത്രകലാ പരിശീലനം എന്ന പദ്ധതിക്ക് സാങ്കേതിക വീഴ്ചകൾ, നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകം ഉണ്ടെങ്കിലും ഭാവിയിൽ വീഴ്ച ഉണ്ടാകരുതെന്ന താക്കീതോടെ ഇതുവരെ ഉള്ള ചെലവിന്

സാധൂകരണം നൽകി തീരുമാനിച്ചു. തൊഴിൽ സാധ്യത ഉള്ള പദ്ധതികൾ മാത്രമേ തുടർന്ന് പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.21835/ ഡി.ഡി.2/14/തസ്വഭവ)**

വനിത ക്ഷീര കർഷകർക്ക് കറവപശുവിനെ വാങ്ങാൻ റിവോൾവിംഗ് ഫണ്ട് നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു. 2011-12, 2012-13 വർഷങ്ങളിലെ ചെലവ് അംഗീകരിക്കാനും 2013-14-ലെ ചെലവ് അംഗീകരിക്കേണ്ടതില്ലെന്നുള്ള ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം.71082/ഇ.എം.1/12/തസ്വഭവ)**

ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ സ്ഥാനങ്ങളുടെ പ്രോട്ടോകോൾ നിശ്ചയിക്കണമെന്ന ആവശ്യം തൽക്കാലം മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കൊയിലാണ്ടി നഗരസഭ (ഫയൽ നം.15283/ഡി.സി.3/14/തസ്വഭവ)**

20 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകൾക്കും പെൻഷൻ നൽകണമെന്ന ആവശ്യത്തിന്മേൽ സാമൂഹ്യ ക്ഷേമവകുപ്പിന്റെ നിലവിലുള്ള സർക്കുലർ ബാധകമാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തിരുവനന്തപുരം നഗരസഭ (ഫയൽ നം.23182/ഡി.എ3/14/തസ്വഭവ)**

2013-14-ലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് സുലേഖ സോഫ്ട് വെയറിൽ ക്ലോസ്സിംഗ് ബാലൻസിൽ വന്ന പിശക് പരിഹരിക്കുന്നത് സംബന്ധിച്ച് 2.4 പൊതു തീരുമാനം ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഏലൂർ നഗരസഭ (ഫയൽ നം. 4959/ഡി.ബി3/14/തസ്വഭവ)**

സാന്ത്വന പരിചരണത്തിന് വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ വാഹനം വാടകയ്ക്ക് എടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കുന്ദമംഗലം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 14908/ഡി.സി.2/14/തസ്വഭവ)**

അസറ്റ് മാപ്പിംഗ് എന്ന പദ്ധതിക്ക് ചെലവായ തുക കൈമാറുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

പുതിയ ഇന്നോവ കാർ വാങ്ങുന്നതിന് അനുവാദം നൽകണമെന്ന ആവശ്യത്തിന്മേൽ പുതിയ വാഹനം വാങ്ങുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് 10 ലക്ഷം രൂപയിൽ അധികരിക്കാതെയുള്ള വാഹനം വാങ്ങാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 രാജീവ്ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ ( RGPSA)**

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയിരിക്കണം എന്ന നിബന്ധനയിന്മേൽ RGPSA പദ്ധതിയിൽ 2013–14–ൽ അനുവദിച്ച ഫണ്ടുപയോഗിച്ചുള്ള പ്രോജക്ടുകൾ ഉടൻ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കേരള പഞ്ചായത്ത് അസോസിയേഷൻ– CPWD നടപ്പിലാക്കുന്നത് സംബന്ധിച്ച്**

**CPWD** റേറ്റ് നടപ്പിലാക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഗ്രാമപഞ്ചായത്തുകളിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നം. 35055/ഐ.ബി.1/13/തസ്വഭവ)**

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ ദാരിദ്ര്യ ലഘുകരണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് സഹിതം അടുത്ത കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 74510/ഡി.ബി.1/13/തസ്വഭവ)**

നെൽക്കൃഷി സബ്സിഡിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സത്തിന്മേൽ ഭരണ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ഊരകം ഗ്രാമപഞ്ചായത്ത് മാവേലിസ്റ്റോറിന് സൗകര്യം ഒരുക്കുന്നതിന്**

**(ബഹു. വ്യവസായ, ഐ.റ്റി. വകുപ്പ് മന്ത്രി മുഖാന്തിരം)**

ഗ്രാമപഞ്ചായത്തിന് അനുവദിച്ച രണ്ടാമത്തെ സപ്ലൈകോ മാവേലിസ്റ്റോറിന് പ്രവർത്തന കാലയളവിൽ വാടകയില്ലാതെ കെട്ടിടം നൽകുന്നതിനും കമ്പ്യൂട്ടറിനും ഫർണിഷിംഗിനും 1 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഊരകം ഗ്രാമപഞ്ചായത്ത് – കുടിവെള്ള വിതരണത്തിന് സൗകര്യം ഒരുക്കുന്നതിന്**

**(ബഹു. വ്യവസായ, ഐ.റ്റി. വകുപ്പ് മന്ത്രി മുഖാന്തിരം)**

ഗ്രാമപഞ്ചായത്ത്, ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകണം എന്ന ആവശ്യത്തിന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ഊരകം ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് വാടക സംബന്ധിച്ച് (ബഹു. വ്യവസായ, ഐ.റ്റി. വകുപ്പ് മന്ത്രി മുഖാന്തിരം)**

ഗ്രാമപഞ്ചായത്തിന് അനുവദിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് രണ്ടു വർഷത്തേയ്ക്ക് കെട്ടിട വാടക നൽകുന്നതിന് തനത് ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകണമെന്ന ആവശ്യം രണ്ടു വർഷത്തേയ്ക്ക് മാത്രമായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്**

വൃദ്ധർ, വികലാംഗർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കായി മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും എന്ന പ്രോജക്ട് നടപ്പിലാക്കാൻ അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മാനന്തവാടി ഗ്രാമപഞ്ചായത്ത് (ഫയൽനം. 645228/എഫ്.എം.2/13/തസ്വഭവ**

വയനാട് ജില്ലാ ആശുപത്രിയിലെ വൃദ്ധരും, വികലാംഗരും, പട്ടിക വിഭാഗക്കാരുമായ രോഗികൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് രാത്രി ഭക്ഷണ വിതരണം എന്ന പ്രോജക്ട് 2012–13–ൽ നടപ്പിലാക്കിയതിന് സാധൂകരണവും, 2013–14ൽ നടപ്പിലാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിക്കുകയും തുടർ വർഷങ്ങളിൽ സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് (ഫയൽനം. 76884/ഡി.ബി.3/തസ്വഭവ)**

ഔദ്യോഗിക ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുത്ത വകയിൽ അനുവദനീയമായ പരിധിയിൽ കവിഞ്ഞ തുക ചെലവഴിച്ചതിന് അംഗീകാരം നൽകണമെന്ന ആവശ്യം വകുപ്പുതലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 നെയ്യാറ്റിൻകര നഗരസഭ (ഫയൽനം. 11576/ഡി.സി.2/തസ്വഭവ)**

ബൗദ്ധിക സ്വത്തവകാശവും മേൽനോട്ടവും നിയന്ത്രണവും എന്ന പ്രോജക്ടിന്റെ നിർവഹണത്തിന് ബാക്കി നൽകാനുള്ള തുക നൽകുന്നതിന് അനുവാദം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും അനുമതി കൂടാതെ പണം നൽകിയ നടപടിക്ക് മുനിസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽനം. 22403/ഡി.ബി.2/തസ്വഭവ)**

2013–14 വാർഷിക പദ്ധതിയിലെ തർക്ക പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് പുനഃപരിശോധിക്കണമെന്ന ആവശ്യം സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ പ്രസ്കതമല്ല എന്നു നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.25214/ഡി.ഡി.2/14തസ്വഭവ)**

മൃഗാശുപത്രിയുടെ ഉടമസ്ഥാവകാശം ഗ്രാമവികസനവകുപ്പിൽ നിലനിർത്തി പുതിയ കെട്ടിടം പണിയുന്നതിനുള്ള അനുമതി വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.60379/ഡി.ഡി.2/13/തസ്വഭവ)**

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഡയാലിസിസ് സെന്റർ നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 മാള ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.25213/ഡി.ഡി.2/14തസ്വഭവ)**

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ലാബ് ടെക്നീഷ്യനെ പിരിച്ചുവിട്ട കേസ് നടത്തിപ്പിന് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.21341/ഡി.ഡി.2/14തസ്വഭവ)**

ബജറ്റ് അലോക്കേഷനിൽ പട്ടികവർഗ ഉപപദ്ധതിയിൽ വന്ന കുറവ് സംബന്ധിച്ച് പ്ലാനിംഗ് ബോർഡ്, സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ സെൽ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവരുടെ യോഗം ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.20883/ഡി.ഡി.2/14തസ്വഭവ)**

സാൾട്ടർ സ്കെയിൽ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.14215/ഡി.ഡി.2/14തസ്വഭവ)**

2011-12 വർഷം കളിയുപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ഗ്രാമ വികസന കമ്മീഷറുടെ റിപ്പോർട്ട് ലഭ്യമാക്കി ഭരണവകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.4365/ഡി.ഡി.2/14/തസ്വഭവ)**

അംഗനവാടികൾക്ക് ഗ്യാസ് സറ്റൗ വാങ്ങുന്നതിനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.25965/ഡി.ഡി.2/14/തസ്വഭവ)**

റോഡ് റെനോവേഷൻ സ്കീമിൽ മിച്ചം വന്ന തുക തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.21357/ഡി.ഡി.2/14/തസ്വഭവ)**

റോഡുകളുടെ വീതി 3 മീറ്ററാക്കി നിർദ്ദേശിച്ചത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കരൂർ പഞ്ചായത്ത് (ഫയൽ നം.28566/എഫ് എം./14/തസ്വഭവ)**

ഓഫീസ് ഹാൾ ശീതീകരണ സംവിധാനം ഘടിപ്പിക്കുന്നതിന് അനുവാദം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

**3.33 തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത്**

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നുള്ള ആവശ്യം വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

**3.34 കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ചു കിട്ടിയ തുകയിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണം, അഭിവൃദ്ധിപ്പെടുത്തൽ എന്നീ പ്രവൃത്തികൾ കഴിഞ്ഞ് ബാക്കി വരുന്ന തുക ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് വകയിരുത്താൻ അനുവദിക്കണമെന്ന ആവശ്യം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു.

1) ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു റോഡിനും മെയിന്റനൻസ് ആവശ്യമില്ലെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം.

2) ഗ്രാമപഞ്ചായത്തുകളുടെ റോഡ് മെയിന്റനൻസ് നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി തീരുമാനം എടുത്തിരിക്കണം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

**3.35 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

കിരണം ഡി അഡിക്ഷൻ – കൗൺസിലിംഗ് പ്രോജക്ട് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

**3.36 ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമർക്കും ലാപ്ടോപ് നൽകുന്നത് സംബന്ധിച്ച്**

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ് നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ആനുകൂല്യം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

***(യോഗം രാവിലെ 9.50ന് അവസാനിച്ചു)***

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 21.05.2014ന് രാവലെ 8 am ന് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ കൂടുന്നതാണ്.***